വയ്ക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ, വാട്ടർ അതോറിറ്റി, ജലസേചനം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതി അവിടത്തെ ജൈവ വൈവിദ്ധ്യങ്ങളെയും സസ്യജാലങ്ങളെയും സംരക്ഷിക്കുന്നതിന് ഉപകരിക്കും.

(ബി) വേമ്പനാട് കായലിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുവേണ്ടി 210 ലക്ഷം രൂപയുടെ ഒരു പദ്ധതിയും കണ്ണൂർ-കോഴിക്കോട് ജില്ലകളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണം ലക്ഷ്യമാക്കി 600 ലക്ഷം രൂപയുടെ പദ്ധതിയും തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും വിദ്യാഭ്യാസ വായ്പ അനുവദിക്കാൻ നടപടി

107 [664] ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം നൽകുന്ന വിദ്യാഭ്യാസ വായ്പകൾ പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നഴ്സിംഗ് തുടങ്ങിയ ജോലി സാദ്ധ്യത കൂടിയ കോഴ്സുകൾക്ക് ലഭിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എല്ലാ പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്കും എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും വായ്പ ലഭിക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ധനകാര്യ കോർപ്പറേഷനായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) വായ്പാ സഹായത്താൽ അവരുടെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് വിദ്യാഭ്യാസ വായ്പ നൽകുന്നത്.

NBCFDC താഴെപ്പറയുന്ന കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കാണ് വിദ്യാഭ്യാസ വായ്പ നൽകുന്നത്:

1. എം.ബി.എ./തത്തുല്യം (എ.ഐ.സി.റ്റി.ഇ. അംഗീകാരമുള്ളത്.)
2. എം.സി.എ./തത്തുല്യം (എ.ഐ.സി.റ്റി.ഇ. അംഗീകാരമുള്ളത്.)
3. എഞ്ചിനീയറിംഗ് ബിരുദ/ബിരുദാനന്തര കോഴ്സുകൾ (എ.ഐ.സി.റ്റി.ഇ. അംഗീകാരമുള്ളത്.)

LIBRARY ARCHIVES Kerala Legislative Assembly

4. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അംഗീകരിച്ച മെഡിസിനിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾ (ആയുർവേദം/ഹോമിയോപ്പതി, യുനാനി എന്നിയും ഉൾപ്പെടും.)

5. നാഷണൽ കൗൺസിൽ ഓഫ് ഹോട്ടൽ മാനേജ്മെന്റ് നടത്തുന്ന ഹോസ്പ്പിറ്റാലിറ്റി മാനേജ്മെന്റിന്റെ ഡിപ്ലോമാ കോഴ്സ്.

ബി.എസ്.സി. നഴ്സിംഗ് ഉൾപ്പെടെയുള്ള പാരാമെഡിക്കൽ കോഴ്സുകളൊന്നും തന്നെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ സാങ്കേതിക/പ്രൊഫഷണൽ കോഴ്സുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ NBCFDC-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കാഞ്ഞിരംകാട് വില്ലേജിലെ നിക്ഷിപ്ത വനഭൂമി

108 [666] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ കാഞ്ഞിരംകാട് വില്ലേജ് ഉൾപ്പെടുന്ന പ്രദേശത്തെ 238/1 സർവ്വെ നമ്പർ ഭൂമിയുടെ ഒട്ടളവ് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലത്ത് നിക്ഷിപ്ത വനമായി സംരക്ഷിക്കപ്പെടുന്ന കാഞ്ഞിരത്തിനാൽ ജോർജിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഏതെല്ലാം ഇനം മരങ്ങളുണ്ടെന്നും ഇവയ്ക്ക് എത്ര തുക വിലയുണ്ടാവുമെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് ഒ.എ. 356 കേസ് പ്രകാരം ആദ്യത്തെ വിധി എന്താണെന്ന് വ്യക്തമാക്കാമോ ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥലം നിക്ഷിപ്ത വനമായി സംരക്ഷിക്കുന്ന ഭൂമിയിൽ ഗ്രാമപഞ്ചായത്ത് റോഡ് വെട്ടിയിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച അനുമതി നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 393.23 ഏക്കർ.

(ബി) റീസർവ്വെ 238/1-ൽ ആകെ 15.41 ഹെക്ടർ നിക്ഷിപ്ത വനഭൂമി ഉണ്ട്. അതിൽ കാഞ്ഞിരത്തിനാൽ ജോർജ്ജ് അവകാശവാദമുന്നയിച്ചിരുന്ന 11.25 ഏക്കർ വനവും ഉൾപ്പെടുന്നുണ്ട്. ടി സ്ഥലത്ത് അയനി, വെന്തേക്ക്, പ്ലാവ്, ചടച്ചി, ചേര്, പന്തപ്പൈൻ തുടങ്ങിയ പലയിനം മരങ്ങളുണ്ട്. മരങ്ങളുടെ വില തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ഒ.എ. 356/76 കേസിലെ 6-11-1978-ലെ ആദ്യവിധി പ്രകാരം ശ്രീ. കാഞ്ഞിരത്തിനാൽ ജോർജ്ജിന്റെ 12 ഏക്കർ ഭൂമി നിക്ഷിപ്ത വനമാക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. ടി വിധിയുടെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. †

(ഡി) നിക്ഷിപ്ത വനമായി സംരക്ഷിക്കുന്ന പ്രസ്തുത സ്ഥലത്ത് ഗ്രാമപഞ്ചായത്ത് റോഡ് വെട്ടിയിട്ടില്ല. റോഡ് വെട്ടുന്നതിന് ഗ്രാമപഞ്ചായത്തിന് യാതൊരു അനുമതിയും നൽകിയിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly